കവിത

○

വള്ളത്തോൾ നാരായണമേനോൻ

# പാംസുസ്നാനം

**'ഹാ കണ്ടതിൽക്കണ്ടതലീശ്വരത്വം**
കൽപിച്ചു നടന്നൊടുക്കം
നിരീശ്വരത്വത്തിലടിഞ്ഞുവീണു;
നിരസ്ത വിശ്വാസരറേബിയക്കാർ!

കുറുമ്പുമാറാത്ത കുറൈഷിവര്യ–
ർക്കോതിക്കൊടുത്തേൻ പലവട്ടവും ഞാൻ:
'ഈ നിങ്ങൾ കൂപ്പും മരമല്ല, കല്ല–
ല്ല,ള്ളാവു സർവാതിശക്തനേകൻ.'

ഇവർക്കിരുട്ടേ പ്രിയമിത്രമൂതി–
ക്കെടുക്കയായ്, കൈത്തിരികൊണ്ടുചെന്നാൽ;
മിന്നാമിനുങ്ങിൻ ചെറുതാം വെളിച്ചം
പോലും സഹിക്കാത്ത തമസ്സിതേതോ!
കലാവിശേഷം കൊലയിബ്ബലോഗ്ര–
ർക്കിത്ത്യൃഢശന്മാർക്കെരികള്ളിളംപോൽ;
പിശാചർ വംശേശ്വരിക്കുഭക്ത–
ർക്കി, തിൽക്കവിഞ്ഞെന്തവിവേകമുള്ളൂ?
കഷ്ടാവമാനങ്ങളിൽ വീഴ്തിടുന്നൂ
കാമാതിരേകാൽക്കുലനാരിമാരേ;
ആരാധ്യമാരാമവരമ്മപെങ്ങ–
ന്മാരെന്നു കാൺമാനിവർ കൺമിഴിക്കാ!
മൃഗോപമന്മാർ പെരുമക്ക്യൃഷിക്കു
നുകങ്ങൾ വെപ്പൂ, നരർതൻ കഴുത്തിൽ,
സഗർഭ്യരെച്ചെന്നടിമക്കുടുക്കി–
ട്ടങ്ങോട്ടുമിങ്ങോട്ടുമിഴച്ചിടുന്നൂ
സൗധങ്ങൾതോറും സമസൃഷ്ടദുഃഖ–
ക്കണ്ണീരുകൊണ്ടേ പനിനീരൊഴുക്കീ,
അനേകദുർവൃത്തികളെപ്പുണർന്നു
രമിക്കയാണി, സ്സുഖലോലുപന്മാർ!
അശക്തമാമെന്നുടെ ഹസ്തമെങ്ങീ–
യധഃസ്ഥിതോദ്ധാരണകൃത്യമെങ്ങോ?

ചളിക്കകത്താഴുമൊരാനയെപ്പോയ്–
പ്പിടിച്ചു കേറ്റാൻ കുഴിയാനതാനോ!
കരുത്തനമ്മാമനു, മാത്മനാഥ
കദീജയും കീർത്ത്യവശേഷരായ്പ്പോയ്;
ഞാനേകനെ,ൻ ചുറ്റുമൊരെട്ടുപത്ത–
ല്ലെ, ൻചോരയിൽത്തൃഷ്ണ വളർന്ന ഖഡ്ഗം!'

ഇതൊക്കെയാവാം നിനവാ, യിരത്തി–
മുന്നൂറുകൊല്ലത്തിനു മുമ്പൊരിക്കൽ,
മെക്കായിലെക്കൈവഴിയൊന്നിലൂടേ
നടന്നുപോകും നബിതൻ മനസ്സിൽ.
'കില്ലില്ല, ഞാനെന്നുടെ ചോരകൊണ്ടു–
മിദ്ധർമ്മസസ്യത്തെ നനച്ചുനോക്കും;'
ആ മാതൃകാകർഷകനായ കൃസ്തു–
വവ്വണ്ണമല്ലോ ഭുവി ചെയ്തു കാട്ടീ.
അധൈര്യമേ, നിൻകെടുമഞ്ഞു വീഴാ–
യ്ക, ഹമ്മദിൻ സജ്വരമായ നെഞ്ചിൽ;
ചന്ദ്രാർക്കരെക്കൈകളിൽ വെച്ചുതന്നാൽ–
പ്പോലും നിറുത്തില്ല, വനിപ്രയത്നം!
ഇത്തീർപ്പു പേർത്തം മുറുകീ, മഹാന്റെ
പാഴ്ചൊല്ലു തീണ്ടാത്ത ശുഭാധരത്തിൽ
ഓരോ പരിക്ലേശവുമീദൃശന്മാ–
ർക്കുച്ചൈർഗ്ഗതിക്കുള്ള ചവുട്ടുകല്ലാം.

പെട്ടെന്നു പാർശ്വങ്ങളിൽനിന്നു ഹാ, ഹാ–
മൺ കോരിയിട്ടാർ ചില മുഷ്കരന്മാർ,
കൃതജ്ഞരെങ്കിൽ, ക്കനകാഭിഷേകം
ചെയ്യേണ്ടതാമീഗ്ഗുരുവിൻ ശിരസ്സിൽ!

രജസ്തമോദോഷമകറ്റി നാട്ടിൽ–
സ്സത്ത്വം പരത്തുന്നൊരു സത്യവാനേ,
രജസ്സു വർഷിച്ചു നിറംകെടുത്താ–
നൊരുങ്ങിപോൽ, മർത്ത്യകുലേ പിറന്നോർ!

മറ്റെന്തു, മന്നിൻനിഴൽ പൂകി ചന്ദ്രൻ;
പാഴ്മഞ്ഞിനാൽ പ്രാവൃതമായ് പ്രഭാതം;
മിഥ്യാപവാദതത്തിൽ മറഞ്ഞു സത്യ–
മവിദ്യതൻ മൂടലിലായ് വിബോധം!

വിജ്ഞാനഗർഭം തിരുമൗലി തൊട്ടു
സന്മാർഗസഞ്ചാരി പദംവരെയ്ക്കും
പാംസൂൽക്കരം പറ്റിയ ശുദ്ധിമാനെ–
പ്പാർത്തങ്ങു തെമ്മാടികൾ കൂക്കിയാർത്തു:

'അയ്യയ്യ, മൺകൊണ്ടഭിഷിക്തനായി–

ക്കഴിഞ്ഞുവല്ലോ, മതസാർവ്വഭൗമൻ;
മുഴക്കുവിൻ ഹേ ജയശബ്ദമെങ്ങും;
വാഴട്ടെ, യിസ്ലാംതിരുമേനി നീണാൾ!

അന്നീ നരസ്നേഹി നമസ്കരിച്ചു
കിടന്നപോതി, ത്തിരുവങ്കഴുത്തിൽ
ഒരൊട്ടകത്തിൻ കുടൽമാല ചാർത്തി–
പ്പാനേ ലഭിച്ചുള്ളു നമുക്കു ഭാഗ്യം!

മദോന്നതം, മറ്റൊരു യേശുവാമീ
മതാധിരാജന്റെയുമുത്തമാംഗം
ശ്രീമുൾക്കിരീടാർപ്പണയോഗ്യമല്ലോ;
കർത്തവ്യകർമങ്ങളിൽ മന്ദർ നമ്മൾ!'

ഈഢ്യൂളികൊണ്ടോ കളിയാക്കൽകൊണ്ടോ
മുഖാഭ മങ്ങാതെയഭംഗസത്ത്വൻ,
മണ്ണിൽക്കുളിച്ചോരു ഗജം കണക്കേ
മന്ദം നടന്നാത്മഗൃഹത്തിലെത്തി.

ആമൂർദ്ധപാദം പൊടിമൺപുരണ്ട
പിതാവിനെക്കണ്ടതിവെമ്പലോടെ
താൻതാൻ കുളിപ്പിപ്പതിനായ് മുതിർന്നൂ
തണ്ണീർക്കുടംകൊണ്ട, ഴലാണ്ട പുത്രി:

പിടിച്ചിരുത്തിച്ചളി പോക്കുവാനായ്–
പ്പകർന്ന കുംഭോദകമോടുകൂടി,
താതന്റെ ഗാത്രങ്ങളിലാപതിച്ചൂ,
കുമാരിയാൾ തൻ ചുടുകണ്ണീരും.

മാലാർന്നു കേഴും മകളെത്തലോടി–
ക്കൊണ്ടാശ്വസിപ്പിച്ചു സുശാന്തശീലൻ;
'നിന്നിച്ചരനെക്കാത്തരുളാതിരിക്കി–
ല്ലള്ളാവു; പാഴിൽക്കരയായ്ക കുഞ്ഞേ!'

●

*(ഡി.സി ബുക്സ്, കോട്ടയം പ്രസിദ്ധീകരിച്ച സാഹിത്യമഞ്ജരി എട്ടാം ഭാഗത്തിൽനിന്ന്)*